പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1696 — 16.06.2014 ലെ മറുപടിയ്ക്ക്

**ശാസ്ത്ര സാങ്കേതിക വകുപ്പ് നടപ്പാക്കുന്ന കാഴ്ച വൈകല്യം ഉള്ളവരുടെ ശാക്തീകരണ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി. പി. മുഹമ്മദ് :**<br>**ശ്രീ. ബെന്നി ബെഹനാൻ :**<br>**ശ്രീ. വി. പി. സജീന്ദ്രൻ :**<br>**ശ്രീ. ഹൈബി ഈഡൻ :** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ശാസ്ത്ര സാങ്കേതിക വകുപ്പ് വഴി നടപ്പാക്കുന്ന കാഴ്ചവൈകല്യം ഉള്ളവരുടെ ശാക്തീകരണ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;<br><br>(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (ബി), (സി) & (ഡി).<br><br>കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കാഴ്ചവൈകല്യം ഉള്ളവരുടെ ശാക്തീകരണത്തിനായി സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി എന്ന പേരിൽ ഒരു സ്ഥാപനം ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ ഒരു കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തുകയും 'Knowledge Partner'-നെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ശാസ്ത്ര ഭവനിൽ ഇതിനായി ഒരു ഓഫീസ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സെന്റർ സാങ്കേതിക രംഗത്തുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ദേശീയ ഉപദേശക സമിതി രൂപീകരിക്കുകയും അന്ധർക്കായി വിവരവിനിമയ സാങ്കേതിക പരിശീലനം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. കമ്പ്യൂട്ടറിലും അസിസ്റ്റീവ് ടെക്നോളജിയിലും അന്ധർക്ക് പരിശീലനം നൽകുന്നതിനായി സെന്ററുകൾ തുടങ്ങാനും ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ആദ്യ ഘട്ടം 2014 ജൂലൈയിൽ ആരംഭിക്കുവാൻ കഴിയുമെന്ന് കരുതുന്നു. |

**സെക്ഷൻ ഓഫീസർ**